# വെളിച്ചപ്പാടന്മാരേ...

**ശല്യർ**

കടവൂരാൻ തൊഴിച്ചത് കേരളത്തിന്റെ കടവയറ്റത്തിട്ടാണ്. അതു സഹിച്ചുകൊണ്ടുതന്നെ ശല്യർക്കു പറയുവാനുള്ളത് ഇന്നത്തെ സാഹചര്യത്തിൽ കറന്റും വെളിച്ചവുമൊക്കെ ഇല്ലാതിരിക്കുന്നതാകും ഭേദം എന്നാണ്. കാലാവസ്ഥ പിഴച്ചതുകൊണ്ടാണെന്ന് കറന്റുമന്ത്രി പറഞ്ഞു. മന്ത്രിമന്ദിരത്തിൽ എന്നും എപ്പോഴും ദശകാലാവസ്ഥയാണ്. അവിടെ ഏസിയുണ്ടല്ലോ ഓസിയായി അനുഭവിക്കാം. ഓരോ മുറിയിലും ടി.വി, ഫ്രിഡ്ജ് പിന്നെ അലക്കുയന്ത്രം- അത് പ്രത്യേകം വേണമല്ലോ- വിഴുപ്പ് ധാരാളം അലക്കാനുള്ളതല്ലേ? ഇരുട്ടാണ് നല്ലതെന്നോ മറ്റോ നമ്മുടെ ഒരു പരിഹാര മഹാകവി പണ്ടേ പറഞ്ഞുവച്ചിട്ടുള്ളതാണല്ലോ.

പെൺവാണിഭം പോലുള്ള കലാപരിപാടികൾ വെളിച്ചത്ത് നന്നോ? കണ്മണി നീയെൻ കരം പിടിച്ചാൽ കണ്ണുകളെന്തിനു വേറെ? എന്ന് അജ്ഞാതനായ ഒരു മന്ത്രി പാടിയിട്ടുണ്ടത്രേ വനിതാ എം. എൽ. ഏയോട്. അന്തോണിക്കുട്ടന് ഇരുട്ടത്തു ചോറുകൊടുത്ത് വെളിച്ചത്തു കിടത്തണം എന്നാണല്ലോ കരുണാകരകാരണവർ പറയുന്നത്. കുഞ്ഞാലിക്കുട്ടി വിളക്കു കൊളുത്താൻ കൂട്ടാക്കാത്തതിന്റെ കാരണവും അറിയാമല്ലോ. വിദ്യാഭ്യാസത്തറവാടിന്റെ നാലകത്ത് തുപ്പി വൃത്തികേടാക്കി ഇട്ടിരിക്കുകയാണ്. അവിടേയും വേണ്ട വെളിച്ചം. വൃക്കമോഷ്ടാക്കൾക്കു മുതൽ കളിപ്പിച്ച് കുട്ടിയെ ഉണ്ടാക്കുന്നവർക്കു വരെ ചൂട്ടു കത്തിച്ച് വഴി കാണിക്കലാണ് രീതി. ചുരുട്ടിന്റെ വെളിച്ചത്തിൽ കൈത്തണ്ടയിലെ അധികാരകങ്കണം വെട്ടിത്തിളങ്ങും. ഇരുട്ടായാലും വെളിച്ചമായാലും ചില ധൈര്യശാലികൾ അങ്ങനെയാണ്. കാത്തിരുന്നു കിട്ടുന്ന ചാൻസുകളാണ്. ചെയ്യാനുള്ളത് ചെയ്തിരിക്കും.

എത്ര വെളിച്ചമുണ്ടായാലും ചിലർക്ക് കണ്ണുകാണുകയില്ല. വനിതാ കമ്മീഷന്റെ കാര്യം തന്നെ നോക്കുക. കണ്ണുമാത്രമല്ല കാതും നഷ്ടമായിരിക്കുന്നു. കറന്റില്ലാതായാൽ പിന്നെ ടി.വിയുമില്ല മാധ്യമപ്രവർത്തകരുമില്ല. ജനാധിപത്യഭരണം വൈദ്യമഠത്തിലെ സുഖചികിത്സയേക്കാൾ ആനന്ദതുന്ദിലമാകുമപ്പോൾ. അല്ല കൂട്ടരേ, ഈ സർക്കാരെന്നുവച്ചാൽ എന്തുട്ടാണെന്നാണ് നിങ്ങൾ ധരിച്ചുവച്ചിരിക്കുന്നത്? നിങ്ങളെയൊക്കെ തീറ്റിപ്പോറ്റാനിരിക്കുന്നവരാണെന്നോ? എന്തൊക്കെ അഭ്യാസങ്ങൾ കളിച്ച് തലകുത്തി മറിഞ്ഞിട്ടാണ് അഞ്ചുകൊല്ലത്തെ സുഖചികിത്സ തരപ്പെടുത്തി കിട്ടുന്നത്. അതൊന്ന് അനുഭവിക്കാൻ തുടങ്ങുമ്പോഴേക്കും സ്വൈരം തരില്ലെന്നുവച്ചാൽ!

ഇതിലും വലിയ പുകിലുകണ്ടിട്ടുള്ളവരാണ് ഞങ്ങൾ. ആയിരക്കണക്കിനു യഥാർത്ഥ രേഖകളുണ്ടായിട്ടും വ്യാജരേഖയുടെ പുറകേയാണെല്ലാ പത്രക്കാരും ചാനലുകളും. ഇരുട്ടുമുറിയിൽ കറുത്ത പൂച്ചയെ തപ്പുന്ന പണിയാണത്. പിന്നെ ഇപ്പോഴത്തെ പ്രക്ഷോഭം. ഓണം റിഡക്ഷൻ വില്പന പോലുള്ള ഒരു തന്ത്രം പ്രയോഗിച്ചാൽ അതും തീരില്ലേ? അതായത് എല്ലാവരും കൂടിയങ്ങട്ടിരിക്ക്യാ, 'ജനവികാരം മാനിച്ച് ഇപ്പോൾ വർദ്ധിപ്പിച്ച നിക്കിൽ യൂണിറ്റൊന്നിന് ഒന്നേമുക്കാൽ പൈസ കുറച്ചിരിക്കുന്നു. തന്മൂലം സർക്കാരിന് ഇത്ര കോടി രൂപ അധികബാധ്യത' എന്നങ്ങു തട്ടുക. തൊണ്ണു കാട്ടിച്ചിരിക്കുക. സമരക്കാരുടെ ഫീസ് അപ്പൊ പോകും.